**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1609** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നികത്തുന്നതിന് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുതുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 03.06.2022 ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ദ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എൽ.എ.ആർ.ആർ നിയമം സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. തുടർന്ന് 11(1) വിജ്ഞാപനം 10.07.2023-ലെ 2266 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടു പോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതുമാണ്. അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനസ്ഥാപന പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസാക്കി സ്ഥലം |

| | | | |
|---|---|---|---|
| | | | അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം പൂർത്തിയായിട്ടുണ്ടോ; ഈ പദ്ധതിക്കായുള്ള അതിർത്തി കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുതുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 03.06.2022 ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ദ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എൽ.എ.ആർ.ആർ നിയമം സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. തുടർന്ന് 11(1) വിജ്ഞാപനം 10.07.2023-ലെ 2266 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടു പോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതുമാണ്. അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനസ്ഥാപന പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ചുള്ള 11(1) നോട്ടിഫിക്കേഷൻ സർക്കാർ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ആയതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുതുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി |

| | | | |
|---|---|---|---|
| | | | ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 03.06.2022 ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ദ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എൽ.എ.ആർ.ആർ നിയമം സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. തുടർന്ന് 11(1) വിജ്ഞാപനം 10.07.2023-ലെ 2266 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയിലെ അതിർത്തി കല്ലുകൾ എല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടു പോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതുമാണ്. അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനസ്ഥാപന പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ